REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-02-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- തിരഞ്ഞെടുപ്പ് കമ്മീഷന്റെയും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും ദേശീയതല വട്ടമേശ സമ്മേളനം ഇന്ന് ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ.
- പ്രധാൻമന്ത്രി നഗര ആവാസ് യോജന 2.0 യിൽ രണ്ട് ലക്ഷത്തി 88,000 വീടുകൾക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകി.
- സംസ്ഥാന പൊലീസിന്റെ സ്ത്രീ സുരക്ഷാ പദ്ധതി നിർഭയ നിശയ്ക്ക് ഇന്ന് തുടക്കമാകും.
- ലൈഫ് മിഷനിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ന് പാകിസ്ഥാനെ നേരിടും.

## വാർത്തകൾ വിശദമായി

തിരഞ്ഞെടുപ്പ് കമ്മീഷന്റെയും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും ദേശീയതല വട്ടമേശ സമ്മേളനം ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടത്തും. 27 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത്തരമൊരു സമ്മേളനം വിളിക്കുന്നത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്)..........

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ, കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരും പങ്കെടുക്കും. സംസ്ഥാനങ്ങളിലെ ചീഫ് ഇലക്ടറൽ ഓഫീസർമാരും, നിയമ -സാങ്കേതിക വിദഗ്ധരും സമ്മേളനത്തിൽ പങ്കുചേരും.

തിരഞ്ഞെടുപ്പ് കമ്മീഷന്റെയും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും പ്രവർത്തനത്തിന് പുതിയ ഊർജ്ജം നൽകാനും തിരഞ്ഞെടുപ്പ് പ്രക്രിയയും, അനുബന്ധ നടപടികളും നിയമപരമായ ചട്ടക്കൂടിനുള്ളിൽ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടാണ് സമ്മേളനം വിളിച്ചത്. തിരഞ്ഞെടുപ്പ് നടത്തിപ്പിൽ സഹകരണ ഫെഡറലിസം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യമാണ് സമ്മേളനം മുന്നോട്ടുവെയ്ക്കുന്നത്. സാങ്കേതികത പങ്കുവെയ്ക്കൽ, വോട്ടിംഗ് യന്ത്രങ്ങളുടെയും, വോട്ടർപട്ടികയുടെയും പരിഷ്കരണം തുടങ്ങിയ വിഷയങ്ങളും ചർച്ചയാകും. അടുത്തയിടെ പ്രവർത്തനമാരംഭിച്ച ECI നെറ്റ് ഡിജിറ്റൽ പ്ലാറ്റ്ഫോം ഉൾപ്പെടെ ആധുനിക സങ്കേതങ്ങളെക്കുറിച്ച് കമ്മീഷനിലെ മുതിർന്ന ഉദ്യോഗസ്ഥർ വിവരണം നൽകും.

✪✪✪

പ്രധാൻമന്ത്രി നഗര ആവാസ് യോജന 2.0 യിൽ രണ്ട് ലക്ഷത്തി 88,000 വീടുകൾക്ക് കേന്ദ്രഗവൺമെന്റ് അനുമതി നൽകി. ന്യൂഡൽഹിയിൽ ഇന്നലെ ചേർന്ന അനുമതി- നിരീക്ഷണ സമിതി യോഗത്തിലാണ് 16 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പുതിയ വീടുകൾക്ക് അനുമതി നൽകിയത്. ഇതോടെ പദ്ധതിയിൽ അനുമതി നൽകിയ വീടുകളുടെ എണ്ണം 13 ലക്ഷത്തി 61,000 കവിഞ്ഞു. നഗരമേഖലയിലെ സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്നവർക്കും, താഴ്ന്ന വരുമാനക്കാർക്കും മികച്ച പാർപ്പിടമൊരുക്കാൻ ഗവണ്മെന്റ് പുലർത്തുന്ന പ്രതിബദ്ധതയാണ് ഇതിലൂടെ വ്യക്തമാകുന്നതെന്ന് ഭവന - നഗരകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

രാജ്യത്തിന്റെ ശുദ്ധ ഊർജ്ജ യാത്രയിൽ, PM സൂര്യാഘർ പദ്ധതി നിർണായക നാഴികക്കല്ലാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വിലയിരുത്തി. കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുടെ സാമൂഹിക മാധ്യമ പോസ്റ്റിനോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മേൽപ്പുര

സൗരോർജ്ജ പദ്ധതിയുടെ ഗുണഭോക്താക്കളെയും, സുസ്ഥിര ഊർജ്ജ ലഭ്യതയിലൂടെ ലാഭം നേടാൻ കഴിഞ്ഞവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാലു ദിവസത്തെ മഹാരാഷ്ട്ര,ജാർഖണ്ഡ്,രാജസ്ഥാൻ സന്ദർശനം ഇന്ന് ആരംഭിക്കും. മുംബൈയിൽ P.D ഹിന്ദുജ ആശുപത്രി സംഘടിപ്പിക്കുന്ന 'ജീവൻ രക്ഷിക്കൂ ആരോഗ്യ ഭാരതം സൃഷ്ടിക്കൂ' എന്ന രാജ്യവ്യാപക പ്രചാരണം ലോക് ഭവനിൽ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. നാളെ കേന്ദ്ര ആരോഗ്യമന്ത്രാലയം ബുൾദാനിലെ ഷഗാവിൽ സംഘടിപ്പിക്കുന്ന ദേശീയ ആരോഗ്യമേളയിലും ദ്രൗപതി മുർമു പങ്കെടുക്കും.

✪✪✪

ജാർഖണ്ഡിലെ റാഞ്ചിയ്ക്കു സമീപം എയർ ആംബുലൻസ് തകർന്ന് ഏഴ് പേർ മരിച്ചു. റെഡ് ബേർഡ് എയവേയ്സിന്റെ ആംബുലൻസ് വിമാനമാണ് ഡൽഹിയിലേക്ക് രോഗിയുമായി പോകവെ തകർന്നു വീണത്. ഇന്നലെ വൈകിട്ട് ഏഴേ കാലോടെയായിരുന്നു അപകടം.

✪✪✪

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉന്നതതല സംഘം തിരുവനന്തപുരത്ത് വിലയിരുത്തി. സീനിയർ ഡെപ്യൂട്ടി കമ്മീഷണർമാരായ ഡോ. പവൻ കുമാർ ശർമ, മനീഷ് ഗാർഗ്, ഡെപ്യൂട്ടി കമ്മീഷണർ സഞ്ജയ് കുമാർ, മീഡിയ ഡയറക്ടർ ജനറൽ ആശിഷ് ഗോയൽ എന്നിവരടങ്ങുന്ന സംഘം, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, സംസ്ഥാന പൊലീസ് നോഡൽ ഓഫീസർ, ജില്ലാ കളക്ടർമാർ, ജില്ലാ പൊലീസ് മേധാവികൾ തുടങ്ങിയവരുമായി ഇന്നലെ കൂടിക്കാഴ്ച നടത്തി.

ഡെസ്ക്ക് റിപ്പോർട്ട്

........(വോയ്സ്) .......

സുതാര്യമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ ഭരണപരവും സാങ്കേതികവുമായ സംവിധാനങ്ങളെക്കുറിച്ച് വിവിധ യോഗങ്ങളിൽ കമ്മീഷൻ സംഘം ചർച്ച നടത്തി. സംസ്ഥാനത്തെ തീവ്ര

വോട്ടർ പട്ടിക പരിഷ്ക്കരണമടക്കം പ്രവർത്തനങ്ങൾ കമ്മീഷൻ അവലോകനം ചെയ്തു.

സമാധാനപരവും, അക്രമരഹിതവുമായ തിരഞ്ഞെടുപ്പിൽ കേരളത്തിന്റെ പാരമ്പര്യം എടുത്തുപറഞ്ഞ കമ്മീഷൻ, വരാനിരിക്കുന്ന തിരഞ്ഞെടുപ്പിലും ഈ നിലവാരം കാത്തുസൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചു.

സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് സജ്ജീകരണങ്ങളെക്കുറിച്ച് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കർ വിശദീകരിച്ചു. ക്രമസമാധാന നടപടികൾ പൊലീസ് നോഡൽ ഓഫീസർ H വെങ്കിടേഷും വിവരിച്ചു. വ്യാജമദ്യം, മയക്കുമരുന്ന്, കണക്കിൽപ്പെടാത്ത പണം എന്നിവയുടെ ഒഴുക്ക് തടയാൻ നടപടികൾ ശക്തമാക്കുന്നതിന് എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന യോഗത്തിൽ കമ്മീഷൻ നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാന പൊലീസിന്റെ സ്ത്രീ സുരക്ഷാ പദ്ധതി നിർഭയ നിശയ്ക്ക് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ തിരുവനന്തപുരം തൈക്കാട് പൊലീസ് ട്രെയിനിംഗ് കോളജിൽ പദ്ധതി ഉദ്ഘാടനം ചെയ്യും. രാത്രി ഒൻപതു മുതൽ പുലർച്ചെ അഞ്ചു വരെ യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് പ്രത്യേക സുരക്ഷ ഒരുക്കുന്നതാണ് പദ്ധതി. പൊലീസിന്റെ എമർജൻസി റെസ്പോൺസ് ആന്റ് സപ്പോർട്ട് സിസ്റ്റം- POL ആപ്പിലെ SOS ബട്ടൺ , 112 ഹെൽപ്ലൈൻ, ജില്ലാകൺട്രോൾ റൂം, ഹൈവേ പട്രോൾ, പിങ്ക് പട്രോൾ സംവിധാനങ്ങൾ എന്നിവ ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് എട്ടിന് പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കും.

✪✪✪

ലൈഫ് മിഷനിലൂടെ സംസ്ഥാനത്ത് അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപരത്ത് നിർവഹിക്കും. രാവിലെ കരകുളം പഞ്ചായത്തിലെ കോമളകുമാരി എന്ന ഗുണഭോക്താവിന്റെ ഗൃഹപ്രവേശന ചടങ്ങിലും മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുക്കും. വൈകിട്ട് പൂജപ്പുര മൈതാനത്താണ് പൂർത്തീകരണ പ്രഖ്യാപനം.

ലൈഫ് മിഷൻ വഴി ഇതുവരെ അനുവദിച്ച ആറ് ലക്ഷത്തി 4,046 വീടുകളിൽ അഞ്ച് ലക്ഷത്തി 364 വീടുകളാണ് പൂർത്തിയായത്.

ശേഷിക്കുന്ന വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പട്ടികവർഗ സങ്കേതങ്ങളിൽ ആറ് ലക്ഷം രൂപയും, ജനറൽ വിഭാഗത്തിൽ നാല് ലക്ഷം രൂപയുമാണ് സംസ്ഥാനം നൽകുന്നത്.

രാജ്യത്തിനും ലോകത്തിനും കേരളം പുതിയ മാതൃകയാണ് ലൈഫ് മിഷനിലൂടെ സമ്മാനിക്കുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു.

20,831 കോടിയിൽപ്പരം രൂപയാണ് ലൈഫ് മിഷന് വേണ്ടി കേരളം ചെലവഴിച്ചത്. ഇതിൽ 18,342 കോടിയിലേറെ രൂപ സംസ്ഥാന വിഹിതവും, വായ്പയുമാണ്. 2489 കോടി രൂപയാണ് കേന്ദ്രവിഹിതം.

✪✪✪

പതിനഞ്ചാം നിയമസഭയുടെ അവസാന സമ്മേളനം ഇന്ന് സമാപിച്ചേക്കും. ശബരിമല സ്വർണക്കൊള്ള വിഷയത്തിൽ പ്രതിപക്ഷം തുടർച്ചയായി സഭയിൽ പ്രതിഷേധം ഉയർത്തുന്നതും, നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനം ഉടൻ ഉണ്ടായേക്കും എന്ന സാധ്യതയും കണക്കിലെടുത്ത് സമ്മേളനം ഗില്ലറ്റിൻ ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ കല്യാട് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ആയുർവേദത്തെ തെളിവ് അധിഷ്ഠിതമാക്കി ലോകത്തിന് മുന്നിൽ അവതരിപ്പിക്കാനാണ് കേന്ദ്രം സ്ഥാപിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

✪✪✪

കണ്ണൂർ സെൻട്രൽ ജയിൽ രാജ്യത്തെ ആദ്യ നെറ്റ് സീറോ കാർബൺ പദവി നേടി. ഹരിതകേരള മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദേശീയ പരിസ്ഥിതി സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ സെൻട്രൽ ജയിലിന് പുരസ്കാരം സമ്മാനിച്ചു.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്).............

✪✪✪

കോഴിക്കോട് വലിയങ്ങാടിയിൽ കോർപ്പറേഷൻ കെട്ടിടം തകർന്നു നാലു പേർ മരിക്കാനിടയായ ദാരുണ സംഭവത്തിൽ പ്രതി കോർപ്പറേഷൻ മാത്രമാണെന്ന് MK രാഘവൻ MP കുറ്റപ്പെടുത്തി. സംഭവത്തിൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നും, മരിച്ചവരുടെ കുടുംബങ്ങൾക്ക് 25-ലക്ഷം രൂപ അടിയന്തര സഹായം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംഭവം സങ്കടകരവും ദാരുണവുമാണെന്ന് അഹമ്മദ് ദേവർകോവിൽ MLA യും, മുസ്ലിം ലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ. MK മുനീറും വിലയിരുത്തി.

സംഭവത്തിൽ നരഹത്യക്ക് കേസ് എടുക്കണമെന്ന് BJP സിറ്റി ജില്ലാ പ്രസിഡന്റ് KP പ്രകാശ് ബാബു ആവശ്യപ്പെട്ടു.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ഗ്രൂപ്പ് -1 മത്സരത്തിൽ വെസ്റ്റ്ഇൻഡീസ്, സിംബാംബ്‌വെയെ 107 റൺസിന് പരാജയപ്പെടുത്തി. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വെസ്റ്റ്ഇൻഡീസ് നിർണയിച്ച 255 റൺസ് വിജയലക്ഷ്യത്തിനായി കളിച്ച സിംബാംബ്‌വെ 17.4 ഓവറിൽ 147 റൺസിന് പുറത്തായി.

ഇന്ന് സൂപ്പർ -8 ലെ രണ്ടാം ഗ്രൂപ്പിൽ ഇംഗ്ലണ്ട്, പാകിസ്ഥാനെ നേരിടും. ശ്രീലങ്കയിലെ പല്ലേക്കലെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം.

✪✪✪

74-ാമത് അഖിലേന്ത്യാ പൊലീസ് വോളിബോൾ ക്ലസ്റ്ററിന് തിരുവനന്തപുരത്ത് തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. ഈ മാസം 27 വരെ തിരുവനന്തപുരത്തെ വേദികളിൽ വോളിബോൾ, സെപക് തക്റ മത്സരങ്ങൾ നടത്തും.

✪✪✪

കാസർഗോഡ് ആദൂർ കുണ്ടാറിലെ കശുമാവ് സന്തതി തോട്ടം പുറത്തിറക്കുന്ന ജൈവകുരുമുളകും, കുരുമുളക് പൊടിയും ഓൺലൈനായി വിപണി രംഗത്ത് തരംഗമാകാൻ ഒരുങ്ങുന്നു.....

കാസർകോട് നിന്ന് P.ജഗന്നിവാസൻ.............

**.....(വോയ്സ്).............**

✪✪✪

**പത്തനംതിട്ട റാന്നി ഐത്തലക്കടവിൽ മലയാലപ്പുഴ സ്വദേശികളായ രണ്ട് യുവാക്കളെ പമ്പയാറ്റിൽ ഒഴുക്കിൽപ്പെട്ട് കാണാതായി. ക്രിസ്, ജോഷി എന്നിവരാണ് ഒഴുക്കിൽപ്പെട്ടത്. തെരച്ചിൽ നടത്തിയെങ്കിലും ഇവരെ കണ്ടെത്താനായില്ല. രാവിലെ തെരച്ചിൽ പുനരാരംഭിക്കും.**

✪✪✪

**പാലക്കാട് മണ്ണാർക്കാട് പാലക്കയത്ത് വനംവകുപ്പ് സ്ഥാപിച്ച കൂട്ടിൽ ഇന്നലെ രാത്രി പുലി കുടുങ്ങി. നേരത്തെ ആടുകളെ കടിച്ച് കൊന്നതിനെ തുടർന്നാണ് കൂട് സ്ഥാപിച്ചത്.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: ശരണ്യ രാജൻ*
*DEO: ഷീബ*